പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*312      14.03.2017 ൽ മറുപടിക്ക്

## മെഡിക്കൽ-പാരാ മെഡിക്കൽ തസ്തികകളിലുള്ള ഒഴിവുകൾ

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>,, ബി.ഡി. ദേവസ്സി<br>,, പി.വി. അൻവർ<br>,, എം. നൗഷാദ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന് കീഴിൽ മെഡിക്കൽ-പാരാ മെഡിക്കൽ തസ്തികകളിലുണ്ടായിരുന്ന ഒഴിവുകൾ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ താളം തെറ്റിച്ചത് പരിഹരിക്കാനായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (എ) | നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ ആവശ്യമുള്ളപക്ഷം ആശുപത്രി വികസന സമിതി/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവയിലൂടെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി-യെ അറിയിക്കുകയും റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ, ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെന്ന് സാക്ഷ്യപത്രം വാങ്ങിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനവും നടത്തിയിട്ടുണ്ട്. |
| (ബി) | പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചെന്നും അവ നികത്താനായി കൈക്കൊണ്ട നടപടികളും അറിയിക്കുമോ; | (ബി) | സ.ഉ(എം.എസ്) നം.192/16/ആ.കു.വ തീയതി 07.10.2016 പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ തസ്തികകളും, സ.ഉ.(എം.എസ്) നം.230/16/ആ.കു.വ തീയതി 28.12.2016 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഗ്രാമീണ മേഖലയിൽ ഉണ്ടായിരുന്ന ഡോക്ടർമാരുടെ ഒഴിവ് നികത്താൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം എത്ര പേരെ പുതുതായി നിയമിച്ചെന്ന് അറിയിക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അസിസ്റ്റന്റ് സർജൻ തസ്തികയിലെ 719 നിയമനങ്ങളും ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 7 നിയമനങ്ങളും നടത്തിയിട്ടുണ്ട്.<br>കൂടാതെ ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട 47 തസ്തികകളിന്മേലും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ